**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5451** **06.07.2012-ൽ മറുപടിക്ക്**

**താമരശ്ശേരി താലൂക്കാശുപത്രിയിൽ ട്രോമാകെയർ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ട്രോമകെയർ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് ; | എ) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലുമാണ് ട്രോമാ കെയർ സംവിധാനം വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, പതിമൂന്നാം ധനകാര്യ കമ്മീഷൻ വിഹിതമായി, 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13-ൽ ആലപ്പുഴ ജനറൽ ആശുപത്രിയിലും ചിറയിൻകീഴ്, കരുനാഗപ്പള്ളി, തൊടുപുഴ, നോർത്ത് പറവൂർ, ഒറ്റപ്പാലം, തിരൂർ, നിലമ്പൂർ, കൊയിലാണ്ടി, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രികളിലും ട്രാമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു.<br>കേന്ദ്ര സർക്കാരിന്റെ റോഡ് സേഫ്റ്റി പ്രോഗ്രാം വഴി ജില്ലാ ആശുപത്രി നെയ്യാറ്റിൻകര, ജില്ലാ ആശുപത്രി, പാലക്കാട്, ജില്ലാ ആശുപത്രി, മാനന്തവാടി എന്നിവിടങ്ങളിലും സംസ്ഥാന സർക്കാരിന്റെ റോഡ് സേഫ്റ്റി പ്രോഗ്രാമിലൂടെ ഹരിപ്പാട് താലൂക്ക് ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, കുറ്റിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രം, വടകര, ചാലക്കുടി, ആലത്തൂർ താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലും ട്രോമാകെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

......2

ബി) താമരശ്ശേരി താലൂക്കാശുപത്രിയിൽ ട്രോമകെയർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; ട്രോമകെയർ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ബി) താമരശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി കം ട്രോമകെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ